7. ഫിനാൻസ് ഓഫീസർ

8. അഡ്മിനിസ്ട്രേറ്റീവ് മാനേജർ

9. എക്സിക്യൂട്ടീവ് സെക്രട്ടറി

10. ട്രെയിനിംഗ് അസോസിയേറ്റ്

11. റിസർച്ച് അസോസിയേറ്റ്

12. അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ.

(ബി) മുഴുവൻ നിയമനവും നടത്തിയിട്ടില്ല.

(സി) കരാർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) ഇല്ല.

(എഫ്) ആരുടെയും ചെലവ് ഗവൺമെന്റ് വഹിക്കുന്നില്ല.

(ജി) ഈ പ്രോജക്ട് 31-3-2003-ൽ അവസാനിച്ചു.

(എച്ച്) ഇല്ല.

(ഐ) കാപ്ഡെക് പ്രോജക്ട് പ്രകാരം നിയമിച്ച എല്ലാവരെയും പിരിച്ചുവിട്ടു.

ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് വിദേശത്തുനിന്നു ലഭിച്ച ധനസഹായം

111 (4546) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബി ജോൺ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിദേശത്തുനിന്ന് ലഭിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഏതൊക്കെ ഏജൻസികൾക്കും സംഘടനകൾക്കുമാണ് ഇപ്രകാരം പണം ലഭിച്ചിട്ടുള്ളത് ;

(സി) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് വിദേശ ധനസഹായത്തോടെ ഗവേഷണങ്ങളും പഠനങ്ങളും നടത്തിയ സംഘടനകളുടേയും വ്യക്തികളുടേയും വിശദാംശം വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ജനകീയസൂത്രണത്തിന് വേണ്ടി വിദേശസഹായം ലഭിച്ചിട്ടില്ല എന്നാൽ 1995-ൽ നെതർലാന്റ് ഗവൺമെന്റ് അനുവദിച്ച കേരള റിസർച്ച് പ്രോഗ്രാം ഓൺ ലോക്കൽ ലെവൽ ഡെവലപ്മെന്റ് എന്ന ഗവേഷണ പ്രോജക്ടിന് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന് ധനസഹായം ലഭിച്ചിട്ടുണ്ട്.

പ്രസ്തുത പ്രോജക്ടിന് രണ്ട് ഘട്ടങ്ങളായി 11.37 കോടി രൂപ ലഭിച്ചിട്ടുണ്ട്. ആ പ്രോജക്ടിന്റെ ഭാഗമായി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് 325 സൂക്ഷ്മതല പഠന ഗവേഷണങ്ങൾക്കും വ്യക്തികൾക്കും വിവിധ സ്ഥാപനങ്ങൾക്കും ഏജൻസികൾക്കും പണം നൽകിയിട്ടുണ്ട്. സർവീസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ എന്ന സ്ഥാപനത്തിന്റെ സാമ്പത്തിക സഹായത്തോടെ കപ്പാസിറ്റി ഡെവലപ്മെന്റ് ഫോർ ഡീസെൻട്രലൈസേഷൻ പ്രോജക്ട് 1999 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ആണ് ഈ പ്രോജക്ടിന്റെ നിർവ്വഹണ ഏജൻസി. പ്രോജക്ടിനായി 9 കോടി 53 ആയിരം രൂപയാണ് കിലയ്ക്കു നൽകിയിട്ടുള്ളത്.

(സി) കേരള റിസർച്ച് പ്രോഗ്രാം ഓൺ ലോക്കൽ ലെവൽ ഡെവലപ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി ഏറ്റെടുത്ത സൂക്ഷ്മതല പഠന ഗവേഷണ പ്രോജക്ടുകളിൽ 26 എണ്ണം ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പഠന ഗവേഷണങ്ങളാണ്. അവ ഏറ്റെടുത്ത് നടത്തിയ വ്യക്തികളുടെ/സംഘടനകളുടെ പേരുവിവരവും പഠന വിഷയങ്ങളും അനുബന്ധമായി നൽകിയിട്ടുണ്ട്.*

2000-ൽ തിരുവനന്തപുരത്തു വച്ചുനടന്ന അന്തർദ്ദേശീയ സെമിനാർ

112 (4547) ശ്രീ. എൻ. ശക്തൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ.എ. പി. അനിൽ കുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ൽ തിരുവനന്തപുരത്തുവച്ച് ജനകീയാസൂത്രണത്തെ സംബന്ധിച്ച് ഒരു അന്തർദ്ദേശീയ സെമിനാർ നടത്തിയിരുന്നുവോ ;

(ബി) ആരുടെ ആഭിമുഖ്യത്തിലാണ് അതു നടത്തപ്പെട്ടത് ;

(സി) ഈ സെമിനാറിന്റെ ഉദ്ദേശ്യമെന്തായിരുന്നു ;

(ഡി) എവിടെനിന്നെല്ലാമുള്ള എത്ര പ്രതിനിധികൾവീതം ഇതിൽ പങ്കെടുത്തു ;

(ഇ) ഈ സെമിനാറിന്റെ ചെലവുകൾ നിർവ്വഹിച്ചത് ആരായിരുന്നു ;

(എഫ്) ഈ സെമിനാർമൂലം സംസ്ഥാനത്തിനും സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഉണ്ടായ അധികനേട്ടങ്ങൾ എന്തെല്ലാമായിരുന്നു ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly